**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5125** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ സ്കൈ പോളിസി ( Open Sky Policy) നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ കാർഗോ സർവ്വീസിൽ നടത്തിയ ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതിയെ ബാധിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ; | (എ) | ഉണ്ട്. രാജ്യത്ത് നിലവിലുണ്ടായിരുന്ന ഓപ്പൺ സ്കൈ പോളിസി നിയന്ത്രണത്തിന്റെ ഭാഗമായി ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട ആറ് അന്താരാഷ്ട്രവിമാനത്താവളങ്ങളിൽ മാത്രമായി വിദേശ അഡ്ഹോക്ക്, നോൺ-ഷെഡ്യൂൾഡ് ചരക്ക് വിമാനങ്ങൾക്കുള്ള പ്രവർത്തനാനുമതി പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ നാല് വിമാനത്താവളങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടില്ല. ടി നിയന്ത്രണം നിലവിൽ വരുന്നതിന് മുമ്പ് എമിറേറ്റ്സ് എതിഹാത് എയർവെയ്സ്, ഖത്തർ എയർവെയ്സ് എന്നിങ്ങനെയുള്ള വിമാനക്കമ്പനികളുടെ സർവ്വീസ് മുഖേന കേരളത്തിൽ നിന്ന് വൻതോതിൽ ഗൾഫ്, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കയറ്റുമതി ചെയ്തിരുന്നു. ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം വന്നതിന് ശേഷം കയറ്റുമതിയ്ക്കായി ഇതര സംസ്ഥാനങ്ങളിലെ വിമാനത്താവള ങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനും, കയറ്റുമതിക്ക് പ്രോത്സാഹനവും ഒപ്പം കേന്ദ്ര സഹായവും നേടിയെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 2020 സെപ്റ്റംബറിൽ ഏർപ്പെടുത്തിയ ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം കേരളത്തിലെ കയറ്റുമതി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ തീരുമാനം പുന:പരിശോധിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 15/09/2021-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് ഈ ആവശ്യം ചൂണ്ടിക്കാട്ടി 24/03/2022-ൽ സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിനും കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.<br><br>കേരളത്തിൽ നിന്നും ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ള കാർഷികോല്പന്നങ്ങൾക്ക് ഉൾപ്പെടെ ആഗോള വിപണിയിൽ വിപണന സാധ്യത ഉറപ്പാക്കുവാൻ |

| | | | |
|---|---|---|---|
| | | | കേന്ദ്ര ഏജൻസികളായ APEDA, സ്പൈസസ് ബോർഡ്, കോക്കനട്ട് ബോർഡ് എന്നിവയുടെ സാങ്കേതിക സഹായം തേടിക്കൊണ്ട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് 15/09/2021-ന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതികൾ മൂലം കുരുമുളക് കർഷകർ ഉൾപ്പെടെ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്നും ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | ഇന്ത്യയും ശ്രീലങ്കയുമായുള്ള ട്രേഡ് എഗ്രിമെന്റ് പ്രകാരം ഡ്യൂട്ടി ഇല്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനാൽ, ശ്രീലങ്കയിൽ നിന്നും നേപ്പാൾ, ബംഗ്ലാദേശ്, വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽ നിന്നും ഇൻഡ്യൻ കുരുമുളകിനോളം ഗുണനിലവാരമില്ലാത്ത കുരുമുളക് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും, 'ഇന്ത്യൻ കുരുമുളക്' എന്ന വ്യാജേന വിപണിയിലെത്തിക്കുന്നതും ഇന്ത്യൻ കുരുമുളകിന്റെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതി കുറയ്ക്കുന്നതിനായി DGFT (ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്) ഏർപ്പെടുത്തിയ മിനിമം ഇംപോർട്ട് പ്രൈസ് നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 02/06/2020 ലെയും 15/01/2021 ലെയും കത്തുകൾ മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരമില്ലാത്ത കുരുമുളകിന്റെ ഇറക്കുമതി തടയുന്നതിനായി കസ്റ്റംസ് അധികാരികളുമായി ചേർന്ന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കേന്ദ്ര വാണിജ്യവ്യവസായ മന്ത്രാലയം ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ